# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2930 — 17/10/2016 ൽ മറുപടിക്ക്

**എ.പി.എൽ-ബി.പി.എൽ കാർഡുകളുടെ അപാകത പരിഹരിക്കൽ**

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് : | ഉത്തരം<br>ശ്രീ.പി.തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ എ.പി.എൽ-ബി.പി.എൽ കാർഡുകളുടെ അപാകത സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദവിവരം നല്കുമോ ;<br><br>ബി) ഈ നടപടി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | എ) & ബി) മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സംസ്ഥാനതല റാങ്കിംഗ് നടത്തി ഓൺലൈനായി കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പുകൾ താലൂക്ക് സപ്ലൈ ആഫീസ്, പഞ്ചായത്ത് ആഫീസ്, വില്ലേജ് ആഫീസ്, റേഷൻ കടകൾ എന്നിവിടങ്ങളിലും കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. കരട് പട്ടികയിന്മേലുള്ള പരാതി തദ്ദേശ സ്വയംഭരണതല വെരിഫിക്കേഷൻ കമ്മിറ്റികൾ പരിശോധിച്ച് തീർപ്പാക്കി അതിന്മേൽ വീണ്ടും പരാതിയുണ്ടെങ്കിൽ ജില്ലാ കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റികളും കൂടി പരിശോധിച്ച് തീർപ്പാക്കി അന്തിമ പട്ടിക തയ്യാറാക്കി റേഷൻ കാർഡുകൾ അച്ചടിച്ച് 2017 മാർച്ച് മാസത്തോടുകൂടി വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു |
| സി) നിലവിൽ ബി.പി.എൽ കാർഡ് നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | സി) 25-04-1997 ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.12/97/എഫ്&സി.എസ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകാരം നല്കിയ, മുൻപ് നിലനിന്നിരുന്ന, 42% ബി.പി.എൽ |

| | |
|---|---|
| | കാർഡുകളെ അതേപോലെ നിലനിർത്തിയും 27.4.2012 ലെ സർക്കാർ ഉത്തരവ് (ആർറ്റി) നം.112/12/തസ്വഭവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചുമാണ് ബി.പി.എൽ കാർഡുകൾ നല്കുന്നത്. |
| ഡി) സംസ്ഥാനത്ത് നിലവിൽ എത്ര ബി.പി.എൽ-എപിഎൽ കാർഡുകളാണ് ഉള്ളത് ; വിശദവിവരം നല്കാമോ ; | ഡി) സംസ്ഥാനത്ത് 30/08/2016 പ്രകാരം 1478944 ബിപിഎൽ കാർഡുകളും 6261459 എപിഎൽ കാർഡുകളും ആണ് ഉള്ളത്. |

**സെക്ഷൻ ഓഫീസർ**